**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5682** **24-03-2025 - ൽ മറുപടിയ്ക്ക്**

**വടകര താലൂക്കിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വടകര താലൂക്കിൽ ലഹരി വ്യാപനം തടയുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | വടകര താലൂക്കിൽ ലഹരി വ്യാപനം തടയുന്നതിനായി ഒളിവിലുള്ള പ്രതികളെയും വാറണ്ട് പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിനും NDPS കേസുകളിലെ പ്രതികളുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനും കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കുന്നതിനും സംശയിക്കുന്ന സ്ഥലങ്ങളിൽ തിരച്ചിൽ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ട്രെയിനുകൾ, ബസുകൾ റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തുന്നതിനും സ്കൂൾ പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുന്നതിനും നിലവിൽ നടത്തി വരുന്ന എൻഫോഴ്സ്മെന്റ് പ്രവൃത്തികൾ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കമരുന്ന് കച്ചവടം നടക്കുന്നതായി പരാതികൾ ഉള്ളതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹോസ്റ്റലുകൾ രഹസ്യമായി നിരീക്ഷിച്ച് വരുന്നു. ലഹരി ഉപയോഗിച്ചവരെ കണ്ടെത്തുവാൻ ആധുനിക രാസ/ സിന്തറ്റിക് ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ, ഡ്രഗ്ഗ് അബ്യൂസ് കിറ്റുകൾ, അബോൺ കിറ്റുകൾ എന്നിവ ഉപയോഗിച്ച് പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | ലഹരി സംബന്ധിച്ചുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഏതുതരത്തിലാണ് പരാതിപ്പെടേണ്ടതെന്നും പരാതിപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമാക്കി വയ്ക്കുമോയെന്നും അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ 0495-2372927 എന്ന നമ്പറിലും കൂടാതെ ഈ ഡിവിഷനിലെ എല്ലാ ഓഫീസുകളുടെ ഫോൺ നമ്പറുകളിലും പരാതികളും രഹസ്യവിവരങ്ങളും കൈമാറാവുന്നതാണ്. പരാതിപ്പെടുന്നവരുടെ വിവരങ്ങൾ എവിടെയും രേഖപ്പെടുത്താതെ രഹസ്യമായാണ് കൈകാര്യം ചെയ്തുവരുന്നത്. |

| | | | |
|---|---|---|---|
| (സി) | വടകര താലൂക്കിലെ ഓരോ വിദ്യാലയങ്ങളിലും നേരിട്ട് ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | വടകര താലൂക്കിലെ ഓരോ വിദ്യാലയങ്ങളിലും നേരിട്ട് ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. ആയതിന്റെ ഭാഗമായി 2024-25 അദ്ധ്യയന വർഷത്തിൽ വടകര താലൂക്ക് പരിധിയിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി 287 ബോധവൽക്കരണ ക്ലാസ്സുകളും രക്ഷിതാക്കൾക്കായി 153 ബോധവൽക്കരണ ക്ലാസ്സുകളും NCC യുമായി സഹകരിച്ച് 6 ക്ലാസ്സുകളും, SPC യുമായി സഹകരിച്ച് 33 ബോധവൽക്കരണ ക്ലാസ്സുകളും, NSSമായി സഹകരിച്ച് 31 ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. ടി കാലയളവിൽ 335 തവണ സ്കൂളുകളിൽ വിമുക്തി ചുമതലയുള്ള ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശനം നടത്തിയിട്ടുണ്ട്. കൂടാതെ 30 തവണ സ്കൂളുകളിൽ ജനജാഗ്രത സമിതി ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ